ഉത്തരം

(എ) 2014-2015 സാമ്പത്തിക വർഷം കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന കേന്ദ്ര സർക്കാരിന് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

പൊതുസ്ഥലങ്ങളിലെ പരസ്യപ്രദർശനം

130 (1566) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതുസ്ഥലങ്ങളിലും പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് അടുത്ത കാലത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽനിന്നും ലഭിക്കുന്ന വരുമാനം ആർക്കൊക്കെ വീതിച്ചുനൽകുന്നതിനാണ് തീരുമാനം എടുത്തിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത നടപടിമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുമെന്ന് കരുതുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതുസ്ഥലങ്ങൾ കയ്യേറിയും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്ത് പകരം സംവിധാനം ഏർപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. പൊതു നിരത്തിലെ വൈദ്യുത കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ലക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലുമിനിയം ക്ലാഡിംഗ് സ്ഥാപിച്ച്/പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ /റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിലും അഞ്ചു വർഷത്തെ പ്രാഥമിക കാലയളവിലേക്ക് കെ.എസ്.ഇ.ബി.-യുമായി കരാറിലേർപ്പെട്ടുകൊണ്ട് തുടർനടപടികളെടുക്കുവാൻ ക്ലീൻ കേരള കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. പൊതുനിരത്തുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് മുമ്പ് കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതിക്കുടി ക്ലീൻ കേരളാ കമ്പനി നേടേണ്ടതും സുരക്ഷാ കാരണങ്ങളാൽ ഇലക്ട്രിക്ക് പോസ്റ്റിൽ പ്രദർശിപ്പിച്ചിട്ടുള്ള ബോർഡുകൾ നീക്കം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ഇല്ക്ട്രിസിറ്റി ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(ബി) 6-11-2014-ലെ സ.ഉ (കൈ) നമ്പർ 194/2014/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പരസ്യ നികുതി ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട നികുതി കഴിച്ചുള്ള തുകയുടെ 20 ശതമാനം ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പൊതു നിരത്തുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്ത് നിയമാനുസൃതം പരസ്യ ബോർഡുകൾ സ്ഥാപിക്കുവാൻ അനുമതി നൽകുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്.

കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർ

131 (1567) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ പേമെന്റ് ഓഫ് സാലറി സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിലവിലുള്ള 90429/2013/Fin. dated, 17-10-2013, 66517/2013/Fin. Dev. എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 90429/WW1/Fin. No. അനൗദ്യോഗിക കുറിപ്പു പ്രകാരം ലഭിച്ച ശ്രീ. കുട്ടി അഹമ്മദ് കുട്ടി കമ്മിറ്റി റിപ്പോർട്ട് ശുപാർശയായ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി മുഖാന്തരം നൽകുന്നത് സംബന്ധിച്ച വിഷയം U.O. (f) 14913/Dev.3/2014/Fin. പ്രകാരം ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly